## 712

1 ചൂടും പൊൻകിരീടം ഞാൻ മഹത്ത്വത്തിൽ
വാഴും നിത്യതേജസ്സിൻ പ്രഭാവത്തിൽ
മാറും അന്ധകാരം നീങ്ങും ചിന്താഭാരം
ഖേദമോ പൊയ്പോകും പ്രിയൻ വന്നാൽ

പ്രിയൻ വന്നാൽ പ്രിയൻ വന്നാൽ
എൻ ഖേദമോ പൊയ്പോകും പ്രിയൻ വന്നാൽ

2 കാണും ഞാൻ പ്രാണപ്രിയന്റെ ലാവണ്യം
വർണ്ണിക്കും പ്രശസ്തമായ് തൻകാരുണ്യം കീർത്തിക്കും തൃനാമം
ശ്ലാഘിക്കും തൻപ്രേമം ഹൃദ്യമായ് നിസ്സീമം പ്രിയൻ വന്നാൽ

3 നിൽക്കും വിശുദ്ധരിൻ സമൂഹത്തിൽ പാടും ഹല്ലേലുയ്യാ
ഘോഷസ്വരത്തിൽ വന്ദിക്കും സാഷ്ടാംഗം
ചുംബിക്കും പ്രത്യംഗം നിത്യവും സാനന്ദം പ്രിയൻ വന്നാൽ

4 പിഞ്ചെല്ലും കുഞ്ഞാടിനെ നിസ്സന്ദേഹം സ്വച്ഛന്ദം ഉൾപ്പൂകും
ഞാനും സ്വർഗേഹം വാഴും തൃപ്തിയോടെ
എന്നും വേർപെടാതെ ഭക്തരോടും കൂടെ പ്രിയൻ വന്നാൽ-
**E.I.J.**